
നെല്ലിക്ക
ഒരു ലിറ്റിൽകൈറ്റ്സ് പ്രസിദ്ധീകരണം
2018-19
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS
ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ
പറവൂർ
little KITEs

## ആമുഖം

മൂത്തവർ ചൊല്ലും മുതുനെല്ലിക്കാ ആദ്യം കയ്ക്കും പിന്നെ മധുരിക്കും . പേമാരിയും പ്രളയവും എന്ന കയ്പ്പ് താണ്ടി അതിജീവനത്തിന്റെ മധുരമൂറുന്ന പാതയിൽ പുതിയ നാമ്പുകൾ തേടുകയാണ് നമ്മൾ .

ഒരു നിറവസന്തം തിരയുന്ന എല്ലാവരെയും ലിറ്റിൽ കൈറ്റിന്റെ കൊച്ചുപ്രതിഭകൾ ഉതിർക്കുന്ന മധുരനെല്ലിക്ക നുണയാൻ സ്വാഗതം ചെയ്യുന്നു.

ഈ ഡിജിറ്റൽ മാഗസിൻ പൂർണതയിൽ എത്തിക്കാൻ സൃഷ്ടികൾ നൽകി സഹായിച്ചവർക്കും മാർഗനിർദേശം നൽകിയ പ്രിയ അധ്യാപകർക്കും നന്ദി രേഖപെടുത്തുന്നു.

വിവരസാങ്കേതിക വിദ്യയുടെ ഈ പുതിയ തുടക്കം ശുഭമാകട്ടെ .....പ്രതീക്ഷയോടെ നന്മ തേടുന്ന മനസുകൾക്കായി ...

സ്നേഹത്തോടെ

**ദിവ്യ രാജ് എസ്**
**9B**



## സന്ദേശം



വിവരസാങ്കേതികവിദ്യയുടെ അസാധാരണമായ വളർച്ച വളരെ വലിയ രീതിയിൽ വ്യാപകമായ ഇക്കാലത്ത് , എഴുത്തോലയിൽ നിന്ന് ഡെസ്ക്ടോപ്പിലേക്കു ലേഖന വിദ്യ വളർന്ന കാലത്തു , നമ്മുടെ *Little kites* പ്രതിഭകൾ തയ്യാറാക്കുന്ന *IT* മാഗസിന് ആശംസകൾ നേരുന്നു

*Head master: T Kunjumon sir.*

## ഉള്ളടക്കപ്പട്ടിക


എന്റെ വിദ്യാലയം....................4
യാത്ര തുടരുന്നു....................5
ഓർമ്മയുണ്ടോ....................7
മൂകൻ....................8
മഹാപ്രളയം....................9
കുഞ്ഞിക്കവിത....................10
കിളിക്കൊഞ്ചൽ....................11
എന്തിനായിരുന്നു വെറുതെ....................12
രാത്രിമഴ....................13
വിടരുക ആമ്പലേ നീ....................14
തേന്മലരാണെന്നമ്മ....................15
പഠന യാത്ര....................16
വിരഹവേദന....................18
കാത്തിരുപ്പ്....................19
ആലപ്പാടിനെ രക്ഷിക്കു....................20
Thought Provoking Quotes that Inspire....................22
ബുദ്ധി പരീക്ഷിക്കാൻ ചില വിദ്യകൾ....................23
Amazing maths....................24
നാവിൽ കൊതിയൂറും നെല്ലിക്ക....................25
बारिश....................26
A ray of hope....................28
ലഹരിയിൽ നരയുന്ന വിദ്യാഭാസം....................29
IT QUIZ....................30
കുഞ്ഞുണ്ണിയും മുത്തശ്ശിയും....................31
അബ്ദുൽ കലാം യുവാക്കളോട് പറഞ്ഞത്....................32




## എന്റെ വിദ്യാലയം

ഒരു വട്ടം കൂടി എന്നോർമ്മകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം
തിരുമുറ്റത്തൊരു കോണിൽ നിൽക്കുന്നൊരാനെല്ലി
മരം ഒന്നലുർത്തുവാൻ  മോഹം



## യാത്ര തുടരുന്നു

1883- പറവൂർ ഗവ .ഹയർ സെക്കന്ററി സ്കൂളിന്റെ ആദിരൂപമായ പനയക്കുളങ്ങര പ്രാഥമിക വിദ്യാലയം പിറവികൊണ്ടത്. ക്രിസ്ത്യൻ മതപ്രചാരകരായിരുന്ന ലണ്ടൻ മിഷൻ സൊ-സൈറ്റിയാണു വിദ്യാലയത്തിനു തുടക്കമിട്ടത്.ഇംഗ്ലീഷും മലയാളവുമാണ് പഠിപ്പിച്ചിരുന്നത്. 1940 കളിൽ സ്കൂൾ തിരുവിതാംകൂർ സർക്കാർ ഏറ്റെടുത്തു.അപ്പോഴേക്കും അഞ്ചാം ക്ലാസു വരെ ഉയർത്തപ്പെട്ടിരുന്നു.

1967 ലെ രണ്ടാം ഈ.എം.എസ് സർക്കാർ സ്കൂളിനു ഏഴാം ക്ലാസു വരെ അനുവദിച്ചു. 1980 ൽ നിലവിൽ വന്ന ഈ.കെ നായനാരുടെ നേതൃത്യത്തിലുള്ള മന്ത്രിസഭ സ്കൂളിനെ ഹൈസ്കൂൾ ആയി ഉയർത്തി. 2004 ൽ പി.ടി.എ യുടെ ആഭിമുഖ്യത്തിൽ നേഴ്സറി ആരംഭിച്ചു. 2014 ൽ ഉമ്മൻചാ-ണ്ടി സർക്കാർ ഹയർ സെക്കന്ററി കൂടി അനുവദിച്ചതോടെ എൽ.കെ.ജി മുതൽ ഹയർ സെക്കന്ററി വരെ പഠനം പൂർ-ത്തിയാക്കാനുള്ള അവസരം ഈ നാട്ടിലെ കുട്ടികൾക്കു കൈവന്നു.

എത്രയോ കുരുന്നുകൾ ഇവിടെ എത്താനിരിക്കുന്നു. 'ഇതെന്റെ സ്കൂൾ' എന്നു വിളിച്ചു പറയാൻ എത്രയെത്ര കണ്ഠ-ങ്ങൾ ഉയർന്നു വരാനിരിക്കുന്നു.ഇനിയും എത്ര തലമുറകൾ, എത്രയോ സംവൽസരങ്ങൾ,ശതകങ്ങൾ,നൂറ്റാണ്ടുകൾ യാത്ര തുടരുകയാണ്.....

**ഓർമ്മയുണ്ടോ**

# ഞാൻ



പല പല നാളുകൾ ഞാനൊരു പുഴുവായ്
പവിഴക്കൂട്ടിലുറങ്ങി
ഇരുളും വെട്ടവുമറിയാതെങ്ങനെ
ഇരുന്നു നാളുകൾ നീക്കി
അരളിച്ചെടിയുടെ
ഇലതന്നടിയിൽ
അരുമക്കിങ്ങിണി പോലെ
വീശും കാറ്റത്തിളകിത്തുള്ളി
വീഴതങ്ങനെ നിന്നു
ഒരുനാൾ സൂര്യനുദിച്ചുണരുമ്പോൾ
വിടരുംചിറകുകൾ വീശി
പുറത്തു വന്നു അഴക് തുടിക്കും
പൂമ്പാറ്റ തളിരായി
വിടർന്നുവിലസും പനിനീർപ്പൂവിൽ
പറന്നു പറ്റിയിരുന്നു
പൂവിൽ തുള്ളും പൂവതുപോലെ
പൂന്തേനുണ്ടു കഴിഞ്ഞു

Akhila Sivan
9B

**മൂകൻ**



ഭൂമിയിലേക്കു പോകാൻ അപ്പോയിന്റ്മെന്റ് എടുത്ത ആത്മാവ് ഇന്റർവ്യൂവിനായി ദൈവത്തിന്റെ അടുത്ത് എത്തി .ആത്മാവിന്റെ ജീവചരിത്രം നോക്കിയ ദൈവത്തിനു ആത്മാവ് ഡിപാർച്ചർ സെക്ഷനിലെ 'നല്ല കുട്ടി 'യാണെന്നു ബോധ്യം ആയി .

_ തന്നെ പറ്റി നല്ല അഭിപ്രായമാണെല്ലോ പോസ്റ്റ് ചെയ്തിരിക്കുന്നത് .

_ആത്മാവ് സൗമ്യമായി പുഞ്ചിരിച്ചു .

_മറ്റാർക്കും കൊടുക്കാത്ത ഒരു ഓഫർ തനിക്കു ഞാൻ തരാം .ഭൂമിയിലെ ഏതു രാജ്യത്തേക്കാണു പോകേണ്ടതെന്നു തനിക്കു തീരുമാനിക്കാം .

_അയ്യോ!അതൊന്നു വേണ്ട.ദൈവം തന്നെ തീരുമാനിച്ചാൽ മതി.

_ മറ്റൊന്നും ആലോചിക്കാതെ ദൈവം പറഞ്ഞു ഞാൻ നിന്നെ എന്റെ (ദൈവത്തിന്റെ)സ്വന്തം നാട്ടിലേക്കു അയക്കുന്നു !

ആത്മാവു മൂകനായി .

ശുഭം

വിനീത് പി ദാസ്

VII A

## മഹാപ്രളയം



മാനവർ നേരിട്ട കൊടുംപ്രളയം
മാനുഷരാശിയുടെ നാശം
ഉറ്റവർ ഉടയവർ മാഞ്ഞുപോയി
ഉള്ളിൽ തീയായി ജ്വലിച്ചോരു പ്രളയം

വേനലിൻ തീഷ്ണതയേറ്റ കാലം
മാരി മോഹിച്ചവർ നമ്മൾ
മഴയായി വന്നതു നാശം വിതച്ചപ്പോൾ
മഴയെ പഴിചാരി മർത്യൻ

സ്വന്തബന്ധങ്ങൾ ഓർമ്മകൾ മാത്രം

സാന്ത്വനമേകിയവർ കടലിന്റെ
മക്കൾ മർത്യന്റെ ചെയ്തികൾ
എല്ലാം സഹിച്ചവൾ
സർവ്വം സഹയായ പ്രകൃതി മാതാവ്
സഹനം മതിയാക്കി പ്രതികരിച്ചു
ഹിന്ദുവും ക്രിസ്ത്യനും മുസൽമാനും
ഒപ്പം ചേർന്ന ജാതിമതഭേദങ്ങൾ
മാഞ്ഞൊരു ദിനങ്ങൾ
സമ്പന്നരെന്നോ ദരിദ്രരെന്നോ
അന്തരമില്ലാത്ത ആ നാളുകൾ
ഏവരും ചേർന്നൊരു കുട
കീഴിൽ നാളുകൾ പങ്കിട്ട കാലം
കലിതുള്ളിയെത്തിയ മഴയെ
കൈകോർത്തു എതിരേറ്റു
കാലവർഷത്തിൻ താണ്ഡവത്തിൽ
ഒരുമിച്ചു നിന്നവർ കേരളീയർ

*Sreelekshmi .B*
*9b*



**കുഞ്ഞിക്കവിത**

*ഒരു കാറ്റടിച്ചപ്പോൾ*

*ഒരു മാങ്ങ വീണപ്പോൾ*

*ഒരുപാട്ടുപിള്ളേരങ്ങോട്ടോടിച്ചെന്നുണ്ടായി*

*തല്ലായി തിക്കായി തിരക്കായി*

*ചക്കരമാമ്പഴം*

*ചപ്പിലിപോലെയായി*            *കുഞ്ഞുണ്ണിമാഷ്*

***Manasi kuruvila***
***9C***



## കിളിക്കൊഞ്ചൽ

എങ്ങു ഹരിതാഭമായ  ഒരു ക്യാമ്പസ് ആണ് ഞങ്ങളുടേത് .പരിമിതമായ സ്ഥലത്തു തയ്യാറാക്കിയ ശലഭോദ്യാനവും തേനൂറും മാമ്പഴം തരുന്ന മാവുമുത്തശ്ശിമാരും ഔഷധസസ്യങ്ങളും നിറഞ്ഞതാണ് സ്കൂൾ പരിസരം.ചാമ്പ,സപ്പോട്ട ,പപ്പായ,പ്ലാവ് ,ശീമ പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ഞങ്ങളുടെ സ്കൂളിനെ പച്ചപ്പണിയിക്കുന്നു.

*സ്കൂൾ പരിസരത്തു പാറിനടക്കുന്ന പൂമ്പാറ്റകുട്ടികളുടെ അടുത്തു കൂട്ടുകൂടാൻ വന്ന കിളികൂടാണ് ചിത്രത്തിൽ കാണുന്നത്.കുട്ടികളുടെ ഓമനയായ കിളികുഞ്ഞുങ്ങൾ കരിയിലക്കിളിയുടേതാണ്. പലതരത്തിലും വർണത്തിലും ഉള്ള ശലഭങ്ങൾ സ്കൂളിന് അഴകാണ്.*

*Sreerekha*
*8A*

## എന്തിനായിരുന്നു വെറുതെ



ഒരു വേനലെൻറെ
ചുമലിൽ കെട്ടിവെച്ച
എന്തിനാണ് ?
വഴിദൂരമളന്നത് ജീവിതമെന്നു
പേര് ചൊല്ലി വിളിച്ചത്
ഒരു രാത്രിയെന്റെ മിഴികളിൽ
നിറച്ചതെന്തിനാണ്
നക്ഷത്രകിനാവുകൾ
കുത്തി നിറച്ചത്
ഒരു പ്രണയ ഹിമബിന്ദു
പൊഴിചെന്തിനാണ്
എന്നെ വിളിച്ചുണർത്തിയതു്
ഒരു ഗ്രീഷ്മത്തിലെന്നെ
കൊഴിച്ചിട്ടു പോയതും
എന്തിന്നായിരുന്നു
ഒരഴിജാലകം മുന്നിൽ
കൊണ്ടു വെച്ചെന്റെ
ഒരഴിജാലകം മുന്നിൽ
കൊണ്ട് വച്ചെന്റെ തടവറയാണെന്നു
പരിഭവം പറഞ്ഞതെന്തിനായിരുന്നു
ഒടുവിലൊരുപിടി
പൂക്കളെന്റെ മൺകൂന മേൽ
വെച്ചു നീ പെയ്തു തോർന്ന് എങ്ങു
പോയി മറഞ്ഞെതും
എന്തിനായിരുന്നു വെറുതെ

*Ansari.R*

***അദ്ധ്യാപകൻ***

**രാത്രിമഴ**

രാവിൽ പിറന്ന മഴയെത്തു
ഞാനെന്റെ ആയിരം
സ്വപ്ങ്ങൾ നെയ്തു കൂട്ടി
തൃസന്ധ്യ നേരത്തു
കണ്ണെഴുതിയ മേഘത്തിൽ
കാന്തി കണ്ടു ഞാൻ മോഹിക്കുന്നു
രാകാറ്റു വാനിന്റെ ചുണ്ടത്തു
തന്നൊരാ പുഞ്ചിരി മായാതെ
നിൽക്കുന്നെന്നും
നീലശൈലങ്ങൾ വാർന്നു
വീഴുന്ന മണ്ണിൻ മേനി
കുളിർ ചൊരിയുന്നു
അഞ്ജനകാന്തിയാൽ  അമ്മയുടെ
സൗന്ദര്യം കണ്ടു ഞാനൊന്നു
മൂകയായ്;എന്നിലെ മോഹങ്ങൾ
വരികളായ് ........



*Athulya S*
*8B*

# നല്ലിക്ക

## വിടരുക ആമ്പലേ നീ




സൂര്യന്റെ പൊൻ കിരണങ്ങൾ എന്നെ തഴുകി ഉണർത്തി എന്നെന്നത്തെയും പോലെ തന്നെ. രാവിലത്തെ ഈ മഞ്ഞും ,തെളിമയാർന്ന ഉച്ചവെയിലിനും സായന്തനരശ്മികളും ഒരേ പോലെ. പക്ഷെ അവളെന്നെ അസൂയപ്പെടുത്തി. എന്നും സന്തോഷം ,സമയത്തിനെന്തു വേഗത എന്നാണ് അവൾ പറയുന്നത്. അവളുടെ മാസ്മരിക സന്തോഷത്തിന്റെ കാരണവും ഞാൻ അറിഞ്ഞു. ഒത്തിരി കാത്തിരിപ്പിന്റെയും പിടിവാശിയുടെയും ഒടുവിൽ അതു എന്റെയും കൂട്ടായി.അതിലൂടെ ഞാൻ കണ്ട ലോകത്തിനു വർണമേഴായിരുന്നു. എത്രയെത്ര വൈവിധ്യമാർന്ന പ്രപഞ്ചം,വിരൽത്തുമ്പിലെ മായാ വിസ്മയം,കൗതുകം നിറഞ്ഞ കളികൾ ,ഒത്തിരിയൊത്തിരി സൗഹൃദങ്ങൾ .

തുറന്നിട്ട ജനാലകൾ പോലെ,അതിലൂടെ എന്നോ കടന്നു വന്ന അപരിചിതസാന്നിധ്യം.തമ്മിൽ പരിചിതമായി,വാക്കുകളുടെ ചാഞ്ചാട്ടം .ആരും മൊഴിയാത്ത സൗന്ദര്യമായി ഞാൻ . വർണിച്ച ഭംഗിയളക്കാൻ പ്രതിബിംബം ഏറെ തിരഞ്ഞു.എന്റെ കണ്ണുകളുടെ മനോഹാരിത ഞാൻ തിരഞ്ഞു. സ്വന്തബന്ധങ്ങൾക്കു മനസിന്റെ വാതിലുകൾ കൊട്ടിയടച്ചു. എന്നിലേക്കു ഞാനൊളിച്ചു.

ആ വർണ്ണപ്രപഞ്ചം പെട്ടെന്ന് മാഞ്ഞു പോയി .അടർത്തിയെറിഞ്ഞ ഈ ഇതളുകൾ ഇനി ഒന്ന് ചേരുമോ .ചെളിയിൽ താഴ്ന്ന ഇതളുകൾ പുതിയ പ്രകാശം തിരയുന്നു.എത്രയെത്ര ആമ്പൽമൊട്ടുകൾ ഇതിന്റെ കരാളഹസ്തങ്ങളിൽ ഞെരിഞ്ഞമർന്നു.ഇതെല്ലാം ഞാൻ അറിഞ്ഞതല്ലേ എന്നിട്ടും? ഇനി ഇതാവർത്തിക്കാതിരിക്കട്ടെ .എല്ലാ ആമ്പലുകളും വിടരട്ടെ. പുതിയ പ്രഭാതം അവരെ കാത്തിരിക്കുന്നു .

*abhirami*







'അമ്മ

സ്നേഹമായി തഴുകും നറു ദീപമാണമ്മ
ത്യാഗമാണെന്നമ്മ സത്യമാണെന്നമ്മ
പൈതലാം ചുണ്ടിൽ നിന്നുമുതിരുന്ന
ആദ്യസ്വരമാണെന്നമ്മ
വാത്സല്യം ചൊരിയുന്ന

**തേന്മലരാണെന്നമ്മ**



## പഠന യാത്ര



*27 --10 -2018* ശനിയാഴ്ച്ച

ഞങ്ങളുടെ 10 ആം ക്ലാസ്സിലെ പഠനവിനോദയാത്ര ആരംഭിച്ചു. അതിരാവിലെ തന്നെ വിദ്യാർഥികളും അധ്യാപകരും എല്ലാം സന്നിഹിതരായിരുന്നു .കൃത്യം 6 .20 am നു തന്നെ രണ്ടു എയർ ബസുകളിലായി ഞങ്ങൾ യാത്ര ആരംഭിച്ചു .പ്രഭാത ഭക്ഷണവും ഉച്ച ഭക്ഷണവും കഴിഞ്ഞു 2 മണിയോടെ ഞങ്ങൾ പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ എത്തിച്ചേർന്നു .അവിടെ ഡാമും മനോഹരമായ പൂന്തോട്ടവും സന്ദർശിച്ചു .റോപ്പ്‌വേയിലെ അനുഭവം വർണ്ണനാതീതമായിരുന്നു .സ്‌നേക് പാർക്ക് സന്ദർശിച്ചു ,അതിന്‌ശേഷം എകദേശം 6 മണിയായപ്പോൾ ഞങ്ങൾ ഊട്ടിയിലേക്ക് തിരിച്ചു .ഇരുട്ടിലൂടെ ചൂടും പൊടിക്കാറ്റും ഉയർത്തിക്കൊണ്ടു തമിഴ് നാട്ടിന്റെ വിജനമായ ഗ്രാമവീഥിയിലൂടേ ബസുകൾ ചീറിപ്പാഞ്ഞു .വാഹനം ഉയരത്തിലേക്ക് ഇരുട്ടിലൂടെ

ചൂടും പൊടിക്കാറ്റും ഉയർത്തിക്കൊണ്ടു തമിഴ് നാട്ടിന്റെ വിജനമായ ഗ്രാമവീഥിയിലൂടേ ബസുകൾ ചീറിപ്പാഞ്ഞു .വാഹനം ഉയരത്തിലേക്ക് കയറാൻ തുടങ്ങിയപ്പോൾ തണുപ്പിന്റ കാഠിന്യം കൂടിവന്നു .ഇടയ്ക്ക് ഭക്ഷണം കഴിച്ചു വീണ്ടും യാത്ര തുടർന്നു .ഹെയർപിൻ കർവ് കടന്നത് വേറിട്ട അനുഭവം ആയിരുന്നു .പുലർച്ചെ ഒരു മണിയോടെ ഊട്ടിയിലെ ഹോംസ്‌റ്റേയിൽ എത്തി .കഠിനമായ തണുപ്പയിരുന്നു .കൂട്ടുകാരോടൊത്തൊള്ള താമസം വളരെയേറെ സന്തോഷം നൽകി എല്ലാവർക്കും വലീയ ഉത്സാഹമായിരുന്നു .

പ്രഭാതഭക്ഷണം കഴിഞ്ഞു 9 മണിയോടെ ഊട്ടിയിലെ തടാകത്തിലൂടെ ബോട്ട് യാത്ര നടത്തി .ഉച്ചഭക്ഷണം കഴിഞ്ഞു ചോക്ലേറ്റ് ഫാക്ടറി ,ടീ ഫാക്ടറി എന്നിവ സന്ദർശിച്ചു .അതിനുശേഷം പ്രശസ്തമായ നീലഗിരി ബൊട്ടാണിക്കൽ ഗാർഡനിൽ എത്തി .അർദ്ധരാത്രിയോടെ മടക്കയാത്ര .പുലർച്ചെ സ്കൂളിൽ എത്തിച്ചേർന്നു

പ്രഭാതഭക്ഷണം കഴിഞ്ഞു 9 മണിയോടെ ഊട്ടിയിലെ തടാകത്തിലൂടെ ബോട്ട് യാത്ര നടത്തി .ഉച്ചഭക്ഷണം കഴിഞ്ഞു ചോക്ലേറ്റ് ഫാക്ടറി ,ടീ ഫാക്ടറി എന്നിവ സന്ദർശിച്ചു. അതിനുശേഷം പ്രശസ്തമായ നീലഗിരി ബൊട്ടാണിക്കൽ ഗാർഡനിൽ എത്തി .അർദ്ധരാത്രിയോടെ മടക്കയാത്ര .പുലർച്ചെ സ്കൂളിൽ എത്തിച്ചേർന്നു.

ജീവിതത്തിൽ ഒരിക്കലും മറക്കാൻ ആകാത്ത അനുഭവം ആണ് ഈ പഠനവിനോദയാത്ര ഞങ്ങൾക്ക് സമ്മാനിച്ചത് ......................................................................................................സോണിയ ... ***.10d***

**വിരഹവേദന**




*എന്നും വിരഹമാണെനിക്കിപ്പോൾ*
*സ്നേഹിച്ചവർ സ്നേഹിക്കാത്തവരായി*
*ഉള്ളു ഉറന്ന സ്നേഹിച്ചു ഞാൻ എന്നാൽ*
*എന്നെ വിട്ടുപോയ് അവരെല്ലാം*
*അവരായിരുന്ന എന്റെ ലോകം*
*വിധി അകറ്റി അവരെ എന്നിൽ നിന്നും*
*വെളിച്ചത്തിലൂടെ പറന്ന ഞാൻ*
*എന്നാൽ കൂരിരുട്ടിലാക്കി അവർ പോയി*
*സ്നേഹത്തിന്റെ അർധം മനസിലാക്കി*
*തന്നവർ*
*ഇന്ന് വിരഹവേദന എന്നെ പഠിപ്പിക്കുന്നു*
*എൻ മുന്നിലെ മെഴുകുതിരിനാളങ്ങൾ*
*അണച്ചുകൊണ്ട് അവർ യാത്രയായി*
*എൻ കണ്ണിൽ സൂര്യനായ് ഉദിച്ചവർ*
*ഇരുട്ട് പാകിയാണ് അസ്തമിച്ചത്*
*കെട്ടി വെച്ച കേശം ഇന്നിതാ*
*അഴിഞ്ഞുവീണിരിക്കുന്നു*

*മാളവിക 8b*

## കാത്തിരുപ്പ്



എന്റെ വല്യമ്മ എന്നെ വിട്ടു മറ്റൊരുലോകത്തേക്കു യാത്ര ആയിട്ടു ഇന്നേക്ക് രണ്ടു വർഷം തികയുന്നു .ഒരായിരം മുള്ളാണികൾ... കുത്തിനിരക്കുന്ന വേദനയായിരുന്നു എന്റെ മനസ്സിൽ നാളുകളോളം .ഞാനാ മുറിവിൽ വെന്തുനീറി .ജീവിതത്തിനും മരണത്തിനും ഇടക്കുള്ള ഒരു അവസ്ഥ ആണിത് .ആ അവസ്ഥയിൽ നിന്ന് ഉയർത്തു എഴുന്നേൽക്കാനുള്ള ഊർജം കിട്ടിയത് വല്യമ്മയുടെ വാക്കുകളിൽ നിന്നാണ് .ഇന്നും വല്യമ്മയുടെ രൂപസാദൃശ്യം ഉള്ളവരെ കാണുമ്പോൾ എന്റെ കണ്ണ് നിറയാറുണ്ട് .ഇന്നും ഞാനെന്റെ വല്യമ്മയെ കാത്തിരിക്കുന്നു ."അമ്മു "എന്നൊരു വിളിക്കായി കാത്തിരിക്കുന്നു ."ഒരു മധുരമായ സ്വപ്നം പോലെ "...................അംശരാജ് 8a

**ആലപ്പാടിനെ രക്ഷിക്കൂ**



കണ്ടുകണ്ടിരിക്കെ ഓരോ ദിവസവും കടൽ വിഴുങ്ങുകയാണ് ആലപ്പാട് ഗ്രാമത്തെ .50 വർഷത്തോളമായി നടക്കുന്ന നിരന്തര ധാതു മണൽ ഖനനത്തിന്റെ പാരിസ്ഥിതിക ദുരന്തമാണ് ജനതയും ഗ്രാമവും നേരിടുന്നത് .പടിഞ്ഞാറു അറബിക്കടലിനും കിഴക്ക് കൊല്ലം -കോട്ടപ്പുറം ദേശീയ ജലപാതക്കുമിടയിൽ ഏറെ നേർത്തുപോയിരിക്കുന്ന കൊല്ലം ജില്ലയിലെ ഈ തീരദേശ പഞ്ചായത്ത് .

***ഉണരുമ്പോൾ കിടപ്പാടം അവശേഷിക്കുമോ എന്ന ഭീതിയിൽ ഗ്രാമവാസികൾക്ക് ഉറക്കം നഷ്ടപ്പെട്ടിരിക്കുന്നു .അയ്യായിരത്തോളം കുടുംബങ്ങൾ പ്രദേശം വിട്ടുപോയി .കാർഷികസമൃദ്ധിയും മൽസ്യസമ്പത്തും പഴങ്കഥയായ ആലപ്പാട് ഗ്രാമം അതിജീവനത്തിനായി അന്തിമ സമരത്തിലാണ് .നിയമ സഭയുടെ പരിസ്ഥിതി സമിതിയടക്കം ചൂണ്ടിക്കാട്ടിയിട്ടും നിസ്സഹായരായ ജനതയുടെ വിലാപം ആരും കേട്ട മട്ടില്ല .***

***jithul jackson,8A***

**NEWYEAR-2019**

**2019 is the smallest number that can be written in six ways as the sum of the squares of the primes**

$7^2+11^2+43^2=2019$

$7^2+17^2+41^2=2019$

$13^2+13^2+41^2=2019$

$11^2+23^2+37^2=2019$

$17^2+19^2+37^2=2019$

$23^2+23^2+31^2=2019$



# Thought Provoking Quotes that Inspire

"Happiness is when what you think,What you say and What you do are in harmony."

_____ *Mahatma Gandhi*

"Success is not final,Failure is not fatal: It is the courage to continue that counts."

_____ *Winston Churchill*

"Learn from yesterday ,Live for today,Hope for tomorrow.
The important thing is not To stop questioning."

_____ *Albert Einstein*

"Let us always meet each others with smile,for the smile is thebeginning of love."

_____ *Mother Terasa*

"God has given you one face,and you make yourself another. "

_____ *William Shakespeare*

"Health is the greatest gift,contentment the greatest wealth,faithfulness the best relationship."

_____ *Budda*

"A creative man is motivated by the desire to achieve , not by the desire to beat others"


_____ *Ayn Rand*

"That's one small step for man ,one giant leap for mankind."

_____ *Neil Armstrong*

"A dream doesn't become reality through magic:it takes sweat,determination and hard work."

_____ *Colin Powell*



## ബുദ്ധി പരീക്ഷിക്കാൻ ചില വിദ്യകൾ

### 1 അത്ഭുതപാത്രം

രമണിക്ക് ഒരു അത്ഭുതപാത്രം കിട്ടി .ആ പാത്രത്തിനു ഒരു പ്രത്യേകതയുണ്ട് അതിൽ ഒരു സ്വർണനാണയമിട്ടാൽ ഒരു മിനിറ്റുകൊണ്ട് ഇരട്ടിക്കും .അതായതു ഒന്ന് രണ്ടാകും രണ്ടു നാലാകും എന്നിങ്ങനെയാണ് ഇരട്ടിക്കൽ .ഈ പാത്രം കൃത്യം രണ്ടുമണിക്കൂർകൊണ്ട് സ്വർണ്ണനാണയങ്ങൾ കൊണ്ട് നിറയും .ചോദ്യം ഇതാണ് : സ്വർണ്ണനാണയങ്ങൾ നിറഞ്ഞു ഈ പാത്രം പകുതിയാകാൻ എത്ര സമയം വേണം?


### 2 പുഴയുടെ കരയിൽ രണ്ടു കുട്ടികൾ



അത് അമ്പതു മീറ്റർ വീതിയുള്ള വലിയൊരു പുഴയാണ് .പുഴയുടെ കരയിൽ രണ്ടു കുട്ടികൾ നില്ക്കുന്നു.പുഴക്കരയിലെ മരത്തിനു കീഴിൽ ഒരു ചെറിയ വഞ്ചിയുണ്ട്.പക്ഷേ അതിൽ ഒരാൾക്കു മാത്രമേ കയറാൻ കഴിയൂ .കുട്ടികൾക്കു രണ്ടുപേർക്കു അക്കരയ്ക്കു പോവുകയും വേണം . എങ്ങനെ പോകും?

### 3 ഒമ്പതു നക്ഷത്രങ്ങൾ

താഴെ ഒമ്പതു കുത്തുകൾ തന്നിരിക്കുന്നു.നാലു നേർരേഖകൾ വരച്ചു ഈ ഒമ്പതു കുത്തുകളും യോജിപ്പിക്കുകയാണ് വേണ്ടത്.ഒരു നിബന്ധനയുണ്ട്.നാലു നേർരേഖകൾ വരയ്ക്കുമ്പോൾ കൈ എടുക്കരുത് .ഒറ്റയടിക്ക് വര വരച്ചുപൂർത്തിയാക്കണം





ഉത്തരം

1 .ഒരു മണിക്കൂറും അമ്പത്തിയൊമ്പതു മിനിറ്റും കൊണ്ടാണ് അത്ഭുതപാത്രം പകുതി നിറയുന്നത്

2 .പുഴയുടെ ഇരുകരകളിലുമായാണ് രണ്ടു കുട്ടികളും നിൽക്കുന്നത്.

3.



## *Amazing maths*

1*9+2=11
12*9+3+111
123*9+4=1111
1234*9+5=11111
12345*9+6=111111
123456*9+7=1111111
1234567*9+8=11111111
12345678*9+9=111111111
*123456789*9+10=1111111111*

## നാവിൽ കൊതിയൂറും നെല്ലിക്ക





'ടീച്ചറെ ഇത്തിരി കൂടി' ഇത് കേട്ടാണു ഞാൻ അവളെ നോക്കിയത് . എന്താണ് ഇവൾക്കിതിത്ര ഇഷ്ടപ്പെടാൻ എന്നറിയാൻ ഞാനും അവളുടെ കൂടെ കൂടി .ഈ വരി നിൽപ്പൊക്കെ ഇത്തിരി ബുദ്ദിമുട്ടായി തോന്നി.എങ്കിലും അവളുടെ ഈ ഇഷ്ടത്തിന്റെ രഹസ്യം ഒന്നറിയണമല്ലോ? .സ്കൂളിലെ പാചകപുരയിൽ നിന്നും ചോറ് ഉണ്ടപ്പോൾ എനിക്കും മനസിലായി .എന്താ രുചി .പിന്നീട് ഒരു നീണ്ട വരിയും എന്നെ വിഷമിപ്പിച്ചില്ല ,നാവിൽ കൊതിയൂറും നെല്ലിക്കാ രുചി .ഹായ് എന്താ എരിവ് ,എന്താ പുളി .അങ്ങനെ ഞാൻ നെല്ലിക്കയുടെ ആരാധകനായി മാറി .പിന്നെയല്ലേ 'അമ്മപറഞ്ഞറിഞ്ഞറിഞ്ഞത്,എത്ര്യയാഗുണങ്ങൾ.അറിയണമെന്നുണ്ടോ...

1 .ഹൈപ്പർ അസിഡിറ്റി കുറയുന്നു
2 .പ്രമേഹത്തെ തടയുന്നു
3 ചീത്തകൊളെസ്റ്ററോൾ കുറച്ചു നല്ല കൊളെസ്റ്ററോൾ കൂട്ടുന്നു
4 കണ്ണിന്റെ കാഴ്ച വർദ്ധിപ്പിക്കുന്നു
5 വായിലെ അൾസർ ശമിപ്പിക്കുന്നു
6 ശരീരപോഷണം ,രോഗപ്രതിരോധശേഷി കൂട്ടുന്നു
7 മുടികൊഴിച്ചിൽ അകറ്റുന്നു
8 വിറ്റാമിൻ സി യുടെ കലവറയാണ്
9 മൂത്ര്രതടസ്സം മാറ്റുന്നു
*10* ദഹന പ്രക്രിയയെ സഹായിക്കുന്നു

***Krishnapriya.s***
***8A***

बारिश



बारिश आई बारिश आई I
चम् चम् चमकी बिजली
काले बादल ग़र्ज I
बारिश आई बारिश आई
काले बादल से बारिश आई I
पूरी तालाब भर भर बहने लगी
पूरी नदियाँ भर भर बहने लगी
बारिश आई बारिश आई I
काले बादल से बारिश आई I
बादल रोने लगी
फूल पौधे हसने लगे

विध्या

VII A

डर



डर डर डर डर ही डर
बच्चों को रात से डर
चोर को पुलिस से डर
सांप को नेवला से डर
चूहे को बिल्ली से डर
अंधहार को प्रकाश से डरडर डर डर
डर ही डर

Geethamani v k,teacher



**लालच का फल :** एक गाव में तीन दोस्त रहते थे I वे राम ,गोपू और सोनू  थे I  एक दिन बड़े सबेरे तीनौ सैर के लिए निकले I वे पैदल जा रहे थे I वे संतोष के साथ चले जा रहे थे I   रास्तें में उन्होंने एक बटुआ देखा  I बटुआ पाने पर वे स्तब्ध रह गये I उस बटुए में बहुत अधिक रुपये थे I वे एक पेड़ के नीचे बैठ गए I उनको भूख लगी I गोपू कही से भोजन लाने गया I रास्ते में उसने सोचा कि भोजन में विष  उनको भूख लगी गोपू कही से भोजन लेन गया रास्ते में उसने सोचा कि भोजन में विष मिलाये तो दोनों मर जायेंगे I पूरा पैसा मुझे मिलेगाI गोपू चले जाने पर सोनू और राम ने निश्चय किया की भोजन लाने के बाद गोपू को वद्द करना चाहिए  I अब हम दोनों के बीच रुपये बाँट  सकते हैं I रास्ते में गोपू ने भोजन में विष मिलाया था I उसके बापस आने पर सोनू और राम मिलकर गोपू को मार डाला उसे खीचकर सड़क के किनारे छिपाकर दोनों खुशी से भोजन खाने लगे I थोड़ी देर बाद दोनों इस दुनिया से चल बसे अंत में क्या हुआ ?.....लालच आपत्ति है

गीतामणि वि के ,       अध्यापिका



## A ray of hope

I am in dilemma
My eyes are open wide
Nothing here to see around
My legs are folded to my chest
Not willing to move around
My hands are twist around each
Nothing here to do for me
Help me Help me Help me a bit
He may come to me one day
Breaking on the chains I wear
Streching every ties and knots
Longing for his touch of love
His hands are cool and smooth as snow
soothens all the wounds and bounds
lightens all the pains and strains.....

Siny Varghese
Teacher

# ലഹരിയിൽ നരയുന്ന വിദ്യാഭാസം

തലച്ചോറിന്റെ രാസഘടനയിൽ വിവിധതരം മാറ്റങ്ങൾ ഉണ്ടാക്കി വിഭ്രാന്തി പോലുള്ള അനുഭൂതികളുണ്ടാക്കുകയും ക്രമേണ സ്ഥിരമായ ഉപയോഗത്തിനടിമപ്പെടുത്തുകയും ചെയുന്ന പദാർഥങ്ങളാണ് മയക്കുമരുന്നുകൾ .പംന്ത്രണ്ടു മുതൽ ഇരുപത്തിനാല് വയസ്സ് വരെയുള്ള പ്രായത്തിലാണ് പലരും മയക്കുമരുന്നുപയോഗം ആരംഭിക്കുന്നത് .ഈ കാലഘട്ടത്തിൽ കൗമാരക്കാരെ കേന്ദ്രികരിച്ചു മയക്കുമരുന്നുലോബി വട്ടമിട്ടുപറക്കുകയാണ് .

**മയക്കുമരുന്നുപയോഗത്തിനുള്ള സാഹചര്യങ്ങൾ**

തമാശയ്ക്കു വേണ്ടി തുടങ്ങുക , സുഹൃത്തുക്കളുടെ നിർബന്ധം ,അനുകരണം, എന്താണെന്നു അറിയാനുള്ള ജിജ്ഞാസ ,ദോഷത്തെകുറിച്ചുള്ള തിരിച്ചറിവില്ലായ്മ,ഉപയോഗിച്ചാൽ കിട്ടിയേക്കാവുന്ന ഫലങ്ങളെ കുറിച്ചുള്ള മിഥ്യാധാരണ .

**സാധാരണയായി കുട്ടികൾ ഉപയോഗിക്കുന്ന മയക്കുമരുന്നുകൾ**

കഞ്ചാവ്,ഹാഷിഷ്,ഹെറോയിൻ ,ബ്രൗൺ ഷുഗർ ,L E D സ്റ്റാമ്പ് ,സ്റ്റിക്കർ ,പശ ,വൈറ്റ്നർ,വേദനസംഹാരി ഗുളികകൾ

**ലഹരിപിടിയിൽപെടാതെ**

**കുഞ്ഞുങ്ങളെ രക്ഷിക്കാനുള്ള മാർഗങ്ങൾ**



കുഞ്ഞുങ്ങൾക്ക് എന്ത് കാര്യവും രക്ഷിതാക്കളോട് തുറന്നു പറയാൻ കഴിയണം ,മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷ്യവശങ്ങളെയും കുറിച് മനസിലാക്കി കൊടുക്കുക,മദ്യം ,മയക്കുമരുന്ന്,പുകവലി എന്നിവയിൽപ്പെടാതെ സ്വയം കുട്ടികൾക്ക് മാതൃക കാണിക്കുക .ആരോഗ്യപരവും ക്രിയാത്മകവും ആയ പ്രവൃത്തികളിൽ ഏർപ്പെടാൻ കുട്ടികളെ സഹായിക്കുക .കുട്ടികളുടെ സുഹൃത്തുക്കൾ ആരാണെന്നു അവരുടെ ജീവിതസാഹചര്യം എന്താണെന്നും മനസിലാക്കുക .

***Abin.s***
***9B***

**IT QUIZ**

1.who invented computer disc?
James T Russel
2.Which day is celebrated as world computer literacy day?
December2
3. Who invented Java?
James A Gosling
4. Do no evil is tag line of.
Google
5.Who is known as human computer of India?
Shakunthala Devi
6.Difference Engine was developed by..
Charles Babbage
7.Who is Neizen?
Citizen who uses internet
8.When was the first smart phone launched?
1992

Ardra
viiiA



## കുഞ്ഞുണ്ണിയും മുത്തശ്ശിയും




'എന്താ മോനെ നീ ആലോചിക്കുന്നത്' ഈ ചോദ്യം കേട്ടാണ് അവൻ തലയുയർത്തിയത്. നല്ല ഐശ്വര്യ നിറഞ്ഞ മുഖം. കണ്ടു നല്ല പരിചയം. ഹാ മുത്തശ്ശി ഞാൻ ഈ അനിമേഷൻ ചെയ്യാൻ പഠിക്കുകയാ . അനിമേഷനോ കൊള്ളാലോ !പിന്നെ മുത്തശ്ശി എന്നെ കണക്കിന് പത്തിരുപതു പേരുണ്ട് ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ ഉണ്ട്.വിവര സാങ്കേതിക വിദ്യയുടെ പല തലങ്ങളിലേക്കാണ് ഞങ്ങൾ ഇറങ്ങി ചെല്ലുന്നത് .ഐ ടി രംഗത്തെ തൊഴിൽ മേഖലയിലേക്കുള്ള ചവിട്ടുപടിയാണ് ലിറ്റിൽ കൈറ്റ്സ്. അനിമേഷൻ കൂടാതെ പ്രോഗ്രാമിങ് ,മലയാളം ടൈപ്പിംഗ്, റോബോട്ടിക്സ് ,ക്യാമറ പരിശീലനം,സൈബർ സുരക്ഷ, ഇന്റർനെറ്റ് ഉപയോഗം ഇത് എല്ലാം സാധ്യമാകുന്നു. ഒരു ആശ്ചര്യം പോലെ കണ്ടിരുന്ന കമ്പ്യൂട്ടർ ഇപ്പോൾ ഞങ്ങളുടെ പ്രിയ തോഴനാണ് .ഹൈ ടെക് ക്ലാസ് മുറികളും സജീവമായ ക്ലാസ്സ്മുറികളും ഞങ്ങളുടെ കാലഘട്ടത്തിൻതെ ഭാഗ്യവും അഭിമാനവും ആണ്. മുത്തശ്ശിയുടെ തണുത്ത കൈകൾ എന്റെ തലോടുന്നതായി തോന്നി. നീ കുഞ്ഞുണ്ണിഎല്ലാ പൊന്നുണ്ണിയാണ് എന്ന് മുത്തശ്ശി ഉറക്കെ പറഞ്ഞുകൊണ്ട് തിരിഞ്ഞു നടന്നു. കണ്ണ് തുറന്നപ്പോൾ മുന്നിൽ നിൽക്കുന്ന അമ്മയെ കണ്ടപ്പോൾ ഞാൻ ഞെട്ടി .ദൈവമേ നാളെ ഐ ടി പരീക്ഷയ്ക്കു ഒത്തിരി പഠിക്കാനുണ്ട് .നശിച്ച ഈ ഉറക്കം.


*Devi ,9c*

# അബ്ദുൽ കലാം യുവാക്കളോട് പറഞ്ഞത്

എല്ലാ പക്ഷികളും മഴ എത്തുമ്പോൾ കൂടുകളിൽ രക്ഷ നേടുന്നു .എന്നാൽ പരുന്ത് അവയെ ഒഴിവാക്കാൻ മഴ മേഘങ്ങൾക്ക് മുകളിലൂടെ പറക്കുന്നു.

സ്വപ്നങ്ങൾ സാക്ഷാത്കരിക്കണമെങ്കിൽ ആദ്യം സ്വപനം കാണണ്ടതുണ്ട്

ആദ്യവിജയത്തിനു ശേഷം വിശ്രമിക്കരുത് .കാരണം രണ്ടാമത്തേതിൽ പരാജയപ്പെട്ടാൽ ആദ്യത്തേത് വെറും ഭാഗ്യം കൊണ്ടാണെന്നു പറയാൻ ഒരുപാടുപേർ ഉണ്ടാവും



"ഒരു നല്ല വായനക്കാരൻ മരിക്കും
മുമ്പ് 1000 ജന്മങ്ങളിലൂടെ
കടന്നുപോകുന്നു .
വായിക്കാത്തവനോ
ഒരു ജന്മം മാത്രം "

# നല്ലിക്ക

അറിവിന്റെ പുതിയ ആകാശങ്ങളിലേക്കു
കടന്നെത്തുന്ന വിദ്യാർത്ഥികൾക്കും
അവരെ നയിക്കുന്ന
അധ്യാപകർക്കുമായി ഈ മൊഴിമുത്തുകൾ
സമർപ്പിക്കുന്നു.

സർഗ്ഗക്രിയ പർവ്വത ശിരസ്സുകളുടെ
ധ്യാനമാണ്. വാക്കിന്റെ വസന്തവും
കാഴ്ചയുടെ കടലും കൊണ്ട് ഞങ്ങളുടെ
കാലത്തെ  ഇവിടെ അടയാളപ്പെടുത്തട്ടെ

ആശംസകളോടെ ലിറ്റിൽ കൈറ്റ്സ് അദ്ധ്യാപകരും
വിദ്യാർത്ഥികളും


നല്ലിക